LIBRARY ARCHIVES Kerala Legislative Assembly

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് പുതിയ ഹയർ സെക്കണ്ടറി വിഭാഗം

87 (3822) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് പുതിയ ഹയർ സെക്കണ്ടറി വിഭാഗം അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെരുമ്പാവൂർ മണ്ഡലത്തിലെ വെങ്ങോല മാർ ബഹനാം സഹദാ ജാക്കോബൈറ്റ് സിറിയൻ വലിയ പള്ളിയുടെ അപേക്ഷ പ്രകാരം ശാലോം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

സർക്കാർ സ്കൂളുകളിലെ ഓരോ ഡിവിഷനുകളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

88 (3823) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറ്റ്യാടി മണ്ഡലത്തിലെ കറ്റ്യാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി, വട്ടോളി ഗവൺമെന്റ് യു.പി., പൈങ്ങോട്ടായി ഗവൺമെന്റ് യു.പി., തിരുവള്ളൂർ ഗവൺമെന്റ് യു.പി. എന്നിവിടങ്ങളിൽ ഓരോ ഡിവിഷനിലും എത്ര വിദ്യാർത്ഥികൾ വീതം പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുപാതമായി ഡിവിഷൻ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നടപടികൾ സ്വീകരിച്ച് ഡിവിഷൻ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.